ഇറിഗേഷൻ വകുപ്പിലെ എ.ഇ. (സിവിൽ) ഒഴിവുകൾ നികത്താൻ നടപടി

41 (2139) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തിക എത്രയെണ്ണമാണുള്ളത് ; അതിൽപ്രൊമോഷൻ വഴിയും നേരിട്ട് നിയമനം വഴിയുമുള്ള തെരഞ്ഞെടുപ്പിന്റെ അനുപാതം ഇപ്പോൾ നില നിറുത്തിയിട്ടുണ്ടോ ;

(ബി) 15-12-2009-നുശേഷം പി.എസ്.സി.യിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; അതിൽ എത്രയെണ്ണത്തിൽ നിയമനം നൽകിയെന്ന് അറിയിക്കുമോ ;

(സി) 1-4-2011 വരെയുള്ള കാലയളവിൽ കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന എ.ഇ.(സിവിൽ) തസ്തികകളുടെ ആകെ എണ്ണമെത്ര ; ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ. (സിവിൽ) വിഭാഗത്തിൽ 698 തസ്തികകളാണ് നിലവിൽ ഉള്ളത്. 6:4 എന്ന അനുപാത ത്തിലാണ് നേരിട്ടുള്ള നിയമനവും പ്രൊമോഷനും നൽകുന്നത്. ഈ അനുപാതം നിലനിർത്തിയിട്ടുണ്ട്.

(ബി) 59 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. അതിൽ 58 പേർക്ക് നിയമനം നൽകി.

(സി) 26 ഒഴിവുകൾ. ഈ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, അവർക്ക് നിയമനം നൽകിയിട്ടുള്ളതുമാകുന്നു.

കടലാക്രമണ ഭീഷണി നേരിടുന്ന തീരദേശ മേഖലകളിൽ കടൽ ഭിത്തി നിർമ്മാണം

42 (2140) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണ ഭീഷണി നേരിടുന്ന ഏതൊക്കെ തീരദേശ മേഖലകളിലാണ് ഇപ്പോൾ കടൽ ഭിത്തി നിർമ്മാണം നടന്നുവരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ ആകെ എത്ര കിലോമീറ്റർ നീളത്തിലാണ് കടൽഭിത്തി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ കടൽഭിത്തി നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 13-ാം ധനകാര്യ കമ്മീഷൻ വകയിരുത്തിയിരുന്ന എത്ര തുക ഇതുവരെ ചെലവഴിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ നടക്കുന്ന കടൽഭിത്തി നിർമ്മാണത്തിന് പുറമേ സംസ്ഥാനത്തെ വിവിധ തീരപ്രദേശങ്ങളിലായി എത്ര കിലോമീറ്റർ നീളത്തിൽ ഇനിയും കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) ഈ വർഷം ഇതിൽ എത്ര കിലോമീറ്റർ കടൽഭിത്തിയുടെ നിർമ്മാണം തുടങ്ങാനാകുമെന്ന് കരുതുന്നത് ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പഞ്ചായത്തിലെ നെല്ലാനിക്കൽ, തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി എറിയാട് എന്നീ പഞ്ചായത്തുകൾ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ തൈക്കടപ്പുറം എന്നീ സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണം നടന്നു വരുന്നു.

(ബി) മേൽ സൂചിപ്പിച്ച സ്ഥലങ്ങളിലായി ആകെ 1.095 കിലോ മീറ്റർ സ്ഥലത്ത് പുതിയ കടൽഭിത്തിയുടെ നിർമ്മാണം നടന്നു വരുന്നു.

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ കടൽഭിത്തി നിർമ്മാണത്തിനായി 2010-11 കാലയളവിലേയ്ക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല.

(ഡി) ഇപ്പോൾ നടക്കുന്ന കടൽഭിത്തി നിർമ്മാണത്തിന് പുറമേ സംസ്ഥാനത്തെ തീരപ്രദേശങ്ങളിലായി ഏകദേശം 80 കിലോ മീറ്റർ കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട് എന്നാണ് കണക്കാക്കായിട്ടുള്ളത്.

(ഇ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ 2011-2013 വർഷത്തെ കർമ്മ പദ്ധതിയിൽ 6.48 കിലോ മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങാനാകും.

ഡാമിൽ നിന്നുള്ള മണൽ വിതരണം

43 (2141) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ഡാമുകളിൽ നിന്നുമാണ് ഇപ്പോൾ മണലെടുപ്പ് നടക്കുന്നത് ;

(ബി) നാളിതുവരെ എത്ര അളവ് മണൽ ഡാമുകളിൽ നിന്നും സംഭരിക്കാൻ സാധിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത മണലിന്റെ വിപണനത്തിന് രൂപീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly